**ദനഹാക്കാലം രണ്ടാം ഞായർ**

**യോഹ 1:1-28**

## വചനം മനുഷ്യനായി

ഫാ. ഷിബു പുളിക്കൽ

പഴയ ഒരു ചെറുകഥ: ഒരിക്കൽ കൈവിരലുകൾ തമ്മിൽ ഒരു തർക്കമുണ്ടായി. തങ്ങളിൽ ആരാണ് വലിയവൻ എന്നായിരുന്നു തർക്കം. തള്ളവിരൽ പറഞ്ഞു: ഞാനാണ് നിങ്ങളിൽ വലിയവൻ. കാരണം എനിക്കാണെങ്കിൽ നല്ല വണ്ണമുണ്ട്. കണ്ടാൽ ആരും ഒന്നു നോക്കും. അടുത്ത വിരൽ പറഞ്ഞു: ആരോടെങ്കിലും എന്തെങ്കിലും ആജ്ഞാപിക്കണമെങ്കിൽ ഞാൻ വേണം. നടുവിരൽ പറഞ്ഞു: നമ്മളിൽ ഏറ്റവും ഉയരം കൂടുതൽ എനിക്കാണ്. അതുകൊണ്ട് ഞാനാണ് വലിയവൻ. മോതിരവിരൽ പറഞ്ഞു: എന്നെയാണ് മോതിരമണിയിച്ച് എല്ലാവരും ബഹുമാനിക്കുന്നത്. അതുകൊണ്ട് എല്ലാവരും എന്നെ ബഹുമാനിക്കണം. ഏറ്റവും അവസാനം ചെറുവിരൽ പറഞ്ഞു: എനിക്ക് നിങ്ങൾ പറയുന്ന ഗുണങ്ങളൊന്നുമില്ല. എങ്കിലും പ്രാർത്ഥിക്കാൻ നിൽക്കുമ്പോൾ ഞാനാണ് ഏറ്റവും മുമ്പിൽ തമ്പുരാനോട് അടുത്തു നിൽക്കുന്നത് (കൈകൂപ്പി നിൽക്കുമ്പോൾ ചെറുവിരലാണ് മുമ്പിൽ).

എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്ന് വിളിച്ചു പറയുന്ന സ്നാപകയോഹന്നാൻ എളിമയുടെ പ്രതീകമാണ്. സ്വയം എളിമപ്പെടാൻ സാധിക്കാത്ത ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. സ്നാപകയോഹന്നാനും കാലിത്തൊഴുത്തും നമ്മെ ഓർമ്മിപ്പിക്കുന്നത് എളിമപ്പെടാനാണ്. ഒരു കൊച്ചുകുട്ടി എന്നെക്കാൾ പൊക്കമുള്ളവനാക്കാൻ ഞാൻ അവനെ എടുത്തുയർത്തണം. അവനെ എടുത്തുയർത്തണമെങ്കിൽ ഞാൻ അവന്റെ മുമ്പിൽ കുനിയണം. കുനിയലിന്റെ സംസ്കാരത്തിൽ നിന്നും നാം എത്രയോ അകന്നുപോയിരിക്കുന്നു.

ഉത്തരം താങ്ങുന്നത് താനാണെന്ന് കരുതുന്ന പല്ലിയുടെ മനോഭാവമാണ് നമ്മുടേത്. ആരും എന്നെക്കാൾ വലുതാകരുത് എന്ന സ്വാർത്ഥചിന്ത മനുഷ്യഹൃദയങ്ങളിൽ വേരുപാകി കഴിഞ്ഞു. അയൽപക്കക്കാരൻ എന്നെക്കാൾ ഉയർന്നുപോയാൽ എനിക്ക് നിൽക്കക്കള്ളിയില്ല. എങ്ങനെയും അവനെ താഴ്ത്തുക. അതിനുള്ള മാർഗങ്ങൾ ചിന്തിച്ച് ചിന്തിച്ച് ഞാൻ തന്നെ അധഃപതനത്തിലേക്ക് കൂപ്പുകുത്തുന്നത് വൈകിയേ അറിയൂ. സ്വപ്നം വ്യാഖ്യാനിക്കാൻ കഴിവുള്ള ജോസഫിനോട് അസൂയ തോന്നിയപ്പോൾ ജ്യേഷ്ഠന്മാർ അവനെ പൊട്ടക്കിണറ്റിലെറിഞ്ഞു. ആബേൽ ദൈവതിരുമുമ്പിൽ പ്രശംസിക്കപ്പെട്ടപ്പോൾ കായേൻ അവനെ കൊന്നു. ഗോലിയാത്തിനെ കൊന്ന ദാവീദിനോട് സോളമൻ രാജാവിന് അസൂയ ഉണ്ടായി.

അനുജന് മാർക്ക് കൂടിയാൽ ജ്യേഷ്ഠന് അനുജനോട് ദേഷ്യം. അടുത്ത വീട്ടിലെ കുട്ടി തന്റെ മകനെക്കാൾ കൂടുതൽ മാർക്ക് വാങ്ങുന്നത് ചില മാതാപിതാക്കളുടെ ഉറക്കം ഇല്ലാതാക്കുന്നു.

വിളിക്കപ്പെട്ട ഞാൻ വിണ്ണോളം ഉയർന്നു നിൽക്കുവാൻ ശ്രമിക്കുന്നു. വിളിച്ചവൻ മണ്ണോളം താണിറങ്ങി നിൽക്കുമ്പോൾ. ഇന്നു സമാധാനമില്ലെങ്കിൽ അതിനുള്ള കാരണം ആരും താഴുവാൻ തയ്യാറല്ല എന്നുള്ളതാണ്. ഇവിടെയാണ് സ്വയം ശൂന്യവത്കരിച്ച ഈശോ നിൽക്കുക.

ഒരിക്കൽ ശിഷ്യൻ ഗുരുവിനോട് ചോദിച്ചു: എന്തുകൊണ്ടാണ് സാഗരം ഇത്ര വലുതായിരിക്കുന്നത്. മറുപടിയായി ഗുരു പറഞ്ഞു: സമുദ്രം ഏറ്റവും താഴെ കിടക്കുന്നതുകൊണ്ട് എല്ലാ നദികളും ഒഴുകി എത്തുന്നത് സമുദ്രത്തിലേക്കാണ്. അങ്ങനെ എല്ലാ നദികളിൽ നിന്നും ജലം സ്വീകരിച്ച് സമുദ്രം വലുതായിരിക്കുന്നു. പ്രഭാഷക വചനത്തിൽ പറയുന്നതുപോലെ:

നീ എത്ര ഉന്നതനാണോ

അത്രമാത്രം വിനീതനാവുക

അപ്പോൾ കർത്താവിന്റെ കൃപയ്ക്കു

നീ പാത്രമാകും (പ്രഭാഷകൻ 3:18).